## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4311 12.11.2019-ൽ മറുപടിക്ക്

## അടൂരിൽ സഹകരണ പരിശീലന കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | അടൂർ മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ ഒരു സഹകരണ പരിശീലന കേന്ദ്രം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | അടൂർ മണ്ഡലത്തിൽ സഹകരണ പരിശീലന കേന്ദ്രം നിലവിലില്ല. അടൂർ മണ്ഡലം ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ ആറന്മുള സഹകരണ പരിശീലന കോളേജിൽ 2010-11 അദ്ധ്യായന വർഷം മുതൽ ജെ.ഡി.സി. കോഴ്സ് കൂടി ആരംഭിച്ച് നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | അടൂരിൽ ഒരു സഹകരണ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരു നിവേദനം 2015 ൽ ലഭിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു സഹകരണ പരിശീലന കേന്ദ്രത്തിനാണ് സാധാരണയായി അനുമതി നൽകുന്നത്. പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒരു സഹകരണ പരിശീലന കേന്ദ്രം അനുവദിച്ചിട്ടുള്ള തിനാൽ പ്രസ്തുത നിവേദനത്തിന്മേൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | അടൂർ കേന്ദ്രമാക്കി ഒരു സഹകരണ പരിശീലന കേന്ദ്രം സമയബന്ധിതമായി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പത്തനംതിട്ട ജില്ലയ്ക്കായി ആറന്മുളയിൽ ഒരു സഹകരണ പരിശീലന കേന്ദ്രം നിലവിലുള്ളതിനാൽ ഇനിയും ഒരു സഹകരണ പരിശീലന കേന്ദ്രം കൂടി ആരംഭിക്കേണ്ട ആവശ്യകത കാണുന്നില്ല എന്നതിനാൽ ഇക്കാര്യം സംസ്ഥാന സഹകരണ യൂണിയന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല. |

സെക്ഷൻ ഓഫീസർ